41

# Savior, Like a Shepherd Lead Us

Dorothy A. Thrupp

William B. Bradbury



## 109 Hold the Fort

*Words & Music*
Philip P. Bliss



# 57. കർത്താവിനെ നാം സ്തുതിക്ക

E. P. Hammond
വി. നാഗൽ

Geo. C. Stebbins






2 വിശുദ്ധ സ്നേഹബന്ധത്താൽ ഒരേശരീരമായ്
നാം ചേർക്കപ്പെട്ടതാകയാൽ
ചേരുവിൻ സ്തുതിക്കായ് - നാം സ്തോത്രം

3 പിതാവു ഏകജാതനെ
നമുക്കു തന്നല്ലോ
ഹാ സ്നേഹത്തിൻ അഗാധമേ!
നിന്നെ ആരായാമോ? - നാം സ്തോത്രം

4 നാം പ്രിയപ്പെട്ട മക്കളായ്
വിളിച്ചപേക്ഷിപ്പാൻ
തൻ ആത്മാവെ അച്ചാരമായ്
നമുക്കു നല്കി താൻ - നാം സ്തോത്രം

5 ഏദെൻ തോട്ടംപോലിതാ ഓർ
തൻ വചനങ്ങളാം
വിശിഷ്ട ഫലം സർവ്വദാ
ഇഷ്ടംപോൽ ഭക്ഷിക്കാം - നാം സ്തോത്രം

6 ഈലോകത്തിൻ ചിന്താകുലം
ദൈവാശ്രിതർക്കില്ലാ
തൻപൈതങ്ങളിൻ ആവശ്യം
താൻ കരുതും സദാ - നാം സ്തോത്രം

7 കർത്താവിൻ നാമം നിമിത്തം
അനേക കഷ്ടവും
നേരിടുമ്പോഴും ധന്യർ നാം
ഇല്ലൊരു നഷ്ടവും - നാം സ്തോത്രം

8 ഈ വിതയ്ക്കുന്ന കാലം നാം
ചിലപ്പോൾ കരയും
പിതാവോ കണ്ണുനീരെല്ലാം
തുടച്ചുകളയും - നാം സ്തോത്രം

9 തൻ നിത്യരാജ്യം നൽകുവാൻ
പിതാവിനിഷ്ടമായ്
തൻ മുഖത്തിൻ മുമ്പാകെ താൻ
നിർത്തും തൻ സ്തുതിക്കായ് - നാം സ്തോത്രം

# 277. ഒന്നേയുള്ളെനിക്കാനന്ദമുലകിൽ

എം. ഈ. ചെറിയാൻ




2 മാനം ധനമീ മന്നിൻ മഹിമക-
ളൊന്നും ശാന്തിയെ നൽകാതെ
ദാഹം പെരുകും തണ്ണീരൊഴികെ
ലോകം വേറെ തരികില്ലറിക - ഒന്നേയുള്ളെനി...

3 നീർത്തോടുകളിൽ മാനെപ്പോലെൻ
മാനസമീശനിൽ സുഖം തേടി
വറ്റാ ജീവജലത്തിൻ നദിയെൻ
വറുമൈയകറ്റി നിർവൃതിയരുളി - ഒന്നേയുള്ളെനി...

4 തൻ ബലിവേദിയിൽ കുരികിലും മീവലും
വീടും കൂടും കണ്ടതുപോൽ
എൻബലമാം സർവ്വേശ്വരനിൽ ഞാൻ
സാനന്ദമഭയം തേടും സതതം - ഒന്നേയുള്ളെനി...

5 കണ്ണീർ താഴ്‌വരയുണ്ടെനിക്കനവധി
മന്നിൽ ജീവിതപാതയതിൽ
എന്നാലും ഭയമെന്തിനെന്നരികിൽ
നന്നായവൻ കൃപ മഴ പോൽ ചൊരികിൽ - ഒന്നേയുള്ളെനി...